Plenary 2020
ശ്രദ്ധയും സംഭാഷണവും

PlenaryCouncil2020
'Listen to what the Spirit is saying...'

ഒന്നിച്ച് പ്രാർത്ഥിക്കാം > ചോദ്യം വായിക്കുക യും പ്രതികരിക്കുക യും ചെയ്യുക > പങ്കുവെച്ച് കേൾക്കൂ > പ്രാർത്ഥനയും പ്രതികരണവും

01 ഒന്നിച്ച് പ്രാർത്ഥിക്കാം

ഒന്നിച്ച് പ്രാർത്ഥിക്കാനായി നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങൾ വേദപുസ്തകം വായിക്കാൻ ആഗ്രഹിക്കുന്നുണ്ടായിരിക്കാം, നിങ്ങൾക്ക് താഴെ എഴുതിയിരിക്കുന്ന വാക്കുകൾ വായിക്കാം അല്ലെങ്കിൽ നിങ്ങളുടെ ഹൃദയത്തിൽ നിന്ന് ദൈവത്തോട് സംസാരിക്കാം.

പെന്തക്കോസ്തിന്റെ പരിശുദ്ധാത്മാവിലേക്ക് വരൂ.
ഗ്രേറ്റ് സൗത്ത് ലാൻഡിന്റെ പരിശുദ്ധാത്മാവിലേക്ക് വരൂ.
ഓ ദൈവമേ, ആസ്ട്രേലിയയിലെ നിന്റെ മുഴുവൻ ജനത്തെയും
അനുഗ്രഹിക്കുകയും ഒന്നിച്ച് ചേർക്കുകയും
പ്ലീനറി കൗൺസിലിന്റെ തീർത്ഥാടന മാർഗ്ഗത്തിൽ ഞങ്ങളെ നയിക്കുകയും ചെയ്യണമേ.
മറ്റുള്ളവരിൽ നിന്റെ മുഖം കാണാനും
വഴിയിൽ ഞങ്ങളുടെ തോഴനായ യേശുവിനെ തിരിച്ചറിയാനുമുള്ള
അനുഗ്രഹം ഞങ്ങൾക്ക് നൽകേണമേ.
ഞങ്ങളുടെ അനുഭവങ്ങൾ പറയാനും
നിന്റെ സത്യത്തെ ധീരതയോടെ പറയാനുമുള്ള ധൈര്യം ഞങ്ങൾക്ക് നൽകേണമേ.
പരസ്പരം വിനയത്തോടെ കേൾക്കാനുള്ള ചെവികളും
നീ പറയുന്നത് കേൾക്കാനുള്ള സൂക്ഷ്മബുദ്ധിയുള്ള ഹൃദയവും
ഞങ്ങൾക്ക് നൽകണമേ.
സുവിശേഷത്തിന്റെ ആനന്ദത്തിൽ ഞങ്ങൾ ജീവിക്കുന്ന പ്രത്യാശ
നിറഞ്ഞ ഭാവിയിലേക്ക് നിന്റെ ചർച്ചിനെ നയിക്കേണമേ.
ഞങ്ങളുടെ ദൈവമായ യേശു ക്രിസ്തു വഴി,
കാലാകാലങ്ങളിൽ ജീവിതത്തിന് അപ്പം നൽകേണമേ.
ആമേൻ.

ക്രിസ്ത്യാനികളുടെ സഹായമായ മാതാവേ, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.
വിശുദ്ധ മേരി മക്കില്ലോപ്പേ, ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണേ.

Plenary 2020
ശ്രദ്ധയും സംഭാഷണവും

PlenaryCouncil2020
'Listen to what the Spirit is saying...'

ഒന്നിച്ച് പ്രാർത്ഥിക്കാം > ചോദ്യം വായിക്കുകയും പ്രതികരിക്കുകയും ചെയ്യുക > പങ്കുവെച്ച് കേൾക്കൂ > പ്രാർത്ഥനയും പ്രതികരണവും

02 ചോദ്യം വായിക്കുകയും പ്രതികരിക്കുകയും ചെയ്യുക

ഈ സമയത്ത് ആസ്ട്രേലിയയിൽ ദൈവം നമ്മളോട് എന്താണ് ആവശ്യപ്പെടുന്നതെന്നാണ് നിങ്ങൾ കരുതുന്നത് ?

നിശബ്ദതയിലിരുന്ന് ഈ ചോദ്യത്തെക്കുറിച്ച് ധ്യാനിക്കുക.

- ഈ ചോദ്യത്തിന് മനസിൽ വരുന്ന എല്ലാ ഉത്തരങ്ങളും ഒരു പട്ടികയായി എഴുതുക.
- നിങ്ങൾ എഴുതിയ എല്ലാ ഉത്തരങ്ങളും മറ്റുള്ളവരോട് ഉറക്കെ പറയുക.
- ഒന്നിച്ച് പ്രവർത്തിക്കുക, ഘട്ടം 3-ന് ഊന്നൽ നൽകാൻ നിങ്ങളുടെ ഉത്തരങ്ങളിൽ നിന്ന് ഒരു വിഷയം തിരഞ്ഞെടുക്കുക.
- ഞങ്ങൾ കേട്ടതിന്റെ ആദ്യ വിഷയവും പ്രതികരണവും ഇതാണ്:

03 പങ്കുവെച്ച് കേൾക്കൂ

നിങ്ങൾക്ക് നിങ്ങളുടെ മറുപടികളിലെ ഓരോ വിഷയത്തിലും ഘട്ടം 3 ആവർത്തിക്കാം. ഈ ഘട്ടങ്ങൾ ഉപയോഗിച്ച് മറ്റൊരാളുമായി സംസാരം തുടരുന്നതിന് വരുന്ന ആഴ്ചകളിലും മാസങ്ങളിലും നിങ്ങൾ വീണ്ടും ഒന്നിച്ച് ചേരേണ്ടി വന്നേക്കാം.

ഈ മേഖലയിൽ എനിക്ക് അനുഭവപ്പെട്ടത് // ധ്യാനിക്കണോ?

നിങ്ങൾ സംസാരിക്കാൻ തിരഞ്ഞെടുത്ത മേഖലയുമായി ബന്ധപ്പെട്ട് വിശ്വാസം, ജീവിതം, ചർച്ച് എന്നിവ സംബന്ധിച്ചുള്ള നിങ്ങളുടെ വ്യക്തിപരമായ അനുഭവത്തെക്കുറിച്ച് നിശബ്ദതയിലിരുന്ന് ധ്യാനിക്കുക.

പങ്കുവെയ്ക്കുകയും കേൾക്കുകയും ചെയ്യുക // ഈ മേഖലയിലുള്ള എന്റെ ഒരു അനുഭവം പറയുക.

വിശ്വാസം, ജീവിതം, ചർച്ച് എന്നിവ സംബന്ധിച്ചുള്ള നിങ്ങളുടെ വ്യക്തിപരമായ അനുഭവത്തെക്കുറിച്ച് മറ്റുള്ളവരുമായി ഉറക്കെ പങ്കുവെയ്ക്കുക. മറ്റുള്ളവർ സംസാരിക്കുമ്പോൾ തുറന്ന, വിനയാന്വിതമായ മനസോടെ അത് കേൾക്കണമെന്ന് ഓർമ്മിക്കുക.

ധ്യാനം // എങ്ങനെയാണ് മറ്റൊരു കാഴ്ചപ്പാട് എന്റേതിനെ സ്വാധീനിച്ചത് ?

ഓരോ വ്യക്തിയും പങ്കുവെച്ചതിന് ശേഷം മറ്റു വ്യക്തികൾ പങ്കുവെച്ച അനുഭവങ്ങൾ എങ്ങനെയാണ് നിങ്ങളുടെ കാഴ്ചപ്പാടിനെ സ്വാധീനിച്ചത് എന്ന് നിശബ്ദമായിരുന്ന് ആലോചിക്കുക. നിങ്ങൾക്ക് ചിന്തകൾ എഴുതിവെയ്ക്കാം അല്ലെങ്കിൽ ശാന്തമായിരുന്ന് ചിന്തിക്കാം.

പങ്കുവെയ്ക്കൽ // എങ്ങനെയാണ് മറ്റൊരു കാഴ്ചപ്പാട് എന്റേതിനെ സ്വാധീനിച്ചത് ?

നിങ്ങൾ പരസ്പരം ആഴത്തിലും തുറന്ന മനസ്സോടെയും ശ്രദ്ധിച്ചു എന്ന് കാണിക്കുക. നിങ്ങൾക്ക് ഉപകാരപ്രദമായ ചില പ്രയോഗങ്ങൾ ഇവയാണ്: “എനിക്ക് തോന്നുന്നത് പങ്കുവെച്ചത് എന്നെ ....-ന് സഹായിച്ചു എന്നാണ്” അല്ലെങ്കിൽ “നിങ്ങൾ പങ്കുവെച്ചതിൽ നിന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു............”

DIOCESE of PARRAMATTA

Pastoral Planning Office
Diocesan Ministry Centre, 51–59 Allawah St, Blacktown NSW 2148
02 8838 3460 02 8838 3462 pastoralplanning@parracatholic.org

Plenary 2020
ശ്രദ്ധയും സംഭാഷണവും

PlenaryCouncil2020
'Listen to what the Spirit is saying...' REV2:7

ഒന്നിച്ച് പ്രാർത്ഥിക്കാം > ചോദ്യം വായിക്കുക യും പ്രതികരിക്കുക യും ചെയ്യുക > പങ്കുവെച്ച് കേൾക്കൂ > പ്രാർത്ഥനയും പ്രതികരണവും

04 പ്രാർത്ഥനയും പ്രതികരണവും

പ്രാർത്ഥന

നിങ്ങളുടെ ആദ്യ സംഭാഷണത്തിനും കേൾക്കലിനും ശേഷം ഒന്നിച്ച് പ്രാർത്ഥിക്കാനായി നിങ്ങളെ ക്ഷണിക്കും. നിങ്ങൾക്ക് താഴെ തന്നിരിക്കുന്ന വാക്കുകൾ ഉപയോഗിക്കാം അല്ലെങ്കിൽ നിങ്ങളുടെ സ്വന്തം വാക്കുകളിൽ നിങ്ങളുടെ കൃതജ്ഞതാ പ്രാർത്ഥന നടത്താം.

സൃഷ്ടാവായ ദൈവമേ, ഇന്ന് പരസ്പരം കണ്ടുമുട്ടാനായതിൽ ഞങ്ങൾ നിനക്ക് നന്ദി പറയുന്നു.
ഞങ്ങൾ രണ്ടോ മൂന്നോ പേർ ഒന്നിച്ച് ചേരുമ്പോൾ അവരുടെ മദ്ധ്യത്തിൽ നീ ഉണ്ടാകുമെന്ന് ഞങ്ങൾക്ക് അറിയാം.
ഞങ്ങൾക്കൊപ്പമായിരിക്കുന്നതിനും, ധൈര്യത്തോടെയും തീക്ഷ്ണതയോടെയും ധൈര്യം തന്നതിനും, തുറന്ന മനസ്സോടെ മനസ്സോടെ വിനയം തന്നതിനും ഞങ്ങൾ നന്ദി പറയുന്നു.
നീ ഞങ്ങളെ വിളിക്കുന്ന ഭാവിയുടെ പാത കണ്ടെത്തുമ്പോൾ നീ ഞങ്ങളോടൊപ്പം യാത്ര തുടരണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.
ആമേൻ

പ്രാർത്ഥന

നിങ്ങളുടെ ശബ്ദം ചർച്ചിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ പ്രധാനമാണ്. Plenary Council (പ്ലീനറി കൗൺസിൽ) വെബ്പേജിൽ നിങ്ങൾക്ക് SUBMISSION (സബ്മിഷൻ) ലിങ്ക് കാണും. ഇത് പ്ലീനറി കൗൺസിലിനുള്ള നിങ്ങളുടെ സബ്മിഷനായിരിക്കും. പെന്തക്കോസ്ത് (2018, മെയ് 20) മുതൽ നിങ്ങൾ എഴുതിയ പ്രതികരണങ്ങൾ പ്ലീനറി കൗൺസിൽ ടീമിന് ഓൺലൈനിൽ നേരിട്ട് സമർപ്പിക്കാനാകും plenarycouncil.catholic.org.au

നിങ്ങളുടെ അഭിപ്രായം പറയൂ, ഓൺലൈനായി സമർപ്പിക്കൂ പറയൂ, ഓൺലൈനായി സമർപ്പിക്കൂഓണ്ലൈനായി സമർപ്പിക്കൂ

നിങ്ങളുടെ സമർപ്പിക്കലിനുള്ള മൂന്ന് ചോദ്യങ്ങൾ

1. ഈ സമയത്ത് ആസ്ട്രേലിയയിൽ ദൈവം നമ്മളോട് എന്താണ് ആവശ്യപ്പെടുന്നതെന്നാണ് നിങ്ങൾ കരുതുന്നത്?
2. ചർച്ചിന്റെ ഭാവിയെക്കുറിച്ച് 2020 ൽ പ്ലീനറി കൗൺസിലിൽ പരിഗണിക്കേണ്ടതായി എന്ത് ചോദ്യങ്ങളാണ് നിങ്ങൾക്കുള്ളത്?
3. വിശ്വാസം അല്ലെങ്കിൽ ചർച്ചുമായി ബന്ധപ്പെട്ട് നിങ്ങൾ പങ്കുവെയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു അനുഭവമുണ്ടോ?

☐ ഉണ്ട്, എന്റെ അനുഭവം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പങ്കുവെയ്ക്കുന്നതിന് പ്ലീനറി കൗൺസിൽ എന്നെ ബന്ധപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ ബന്ധപ്പെടാനുള്ള വിവരങ്ങൾ:

പേര് ____________________

ഇമെയിൽ ____________________

മൊബൈൽ ____________________

DIOCESE of PARRAMATTA

Pastoral Planning Office
Diocesan Ministry Centre, 51–59 Allawah St, Blacktown NSW 2148
02 8838 3460 02 8838 3462 pastoralplanning@parracatholic.org

പ്ലീനറി കൗൺസിൽ കേൾക്കലും സംസാരിക്കലും സംബന്ധിച്ച പ്രവർത്തനത്തിൽ പങ്കെടുത്തതിന് നന്ദി.

നിങ്ങൾ ഓൺലൈനായി സമർപ്പിച്ച കാര്യം 2020-ലെ പ്ലീനറി കൗൺസിലിന്റെ അജണ്ട വികസിപ്പിക്കുന്നതിൽ സഹായിക്കും.

PlenaryCouncil2020
'Listen to what the Spirit is saying...' REV 2:7

സംഭാഷണത്തിൽ ചേരൂ

PARRACATHOLIC.ORG/HAVEYOURSAY

DIOCESE *of* PARRAMATTA

Pastoral Planning Office
Diocesan Ministry Centre, 51–59 Allawah St, Blacktown NSW 2148
02 8838 3460 02 8838 3462 pastoralplanning@parracatholic.org